LIBRARY ARCHIVES Kerala Legislative Assembly

പുതിയ വൈദ്യുത പദ്ധതികൾ

32 (399) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര പുതിയ വൈദ്യുതോല്പാദന പദ്ധതികൾ തുടങ്ങുമെന്ന് പ്രഖ്യാപിച്ചിരുന്നുവെന്നും അവയിൽ എത്രയെണ്ണത്തിന് ഭരണാനുമതി നല്കിയെന്നും ഇതിൽ എത്രയെണ്ണം പ്രവർത്തനക്ഷമമായി എന്നും ഇതുമൂലം എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കാൻ സാധിച്ചുവെന്നും വ്യക്തമാക്കാമോ ?

ഉത്തരം

വിവിധ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചിരുന്ന വൈദ്യുത പദ്ധതികൾ താഴെ പറയുന്നവയാണ്

1. 2011 - 12 ബഡ്ജറ്റ് :

വൈദ്യുതി ബോർഡിന്റെ പദ്ധതികൾക്കുപുറമെ കാറ്റിൽ നിന്നും ജലവൈദ്യുത പദ്ധതികളിൽ നിന്നുമുള്ള വൈദ്യുതി ഉത്പാദനം പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി സ്വകാര്യ സംരംഭകർ വഴിയുള്ള പദ്ധതികൾ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു.

2. 2012-13 ബഡ്ജറ്റ് :

(എ) ബൈതരണിയിൽ നിന്നുള്ള കൽക്കരി ഉപയോഗപ്പെടുത്തി 1050 മെഗാവാട്ട്

(ബി) ചീമേനിയിൽ എൽ.എൻ.ജി. ഉപയോഗിച്ച് 1200 മെഗാവാട്ട്

(സി) പെട്രോനെറ്റും കെ.എസ്.ഇ.ബി.-യും യോജിച്ച് സംയുക്ത സംരംഭമായി പുതുവൈപ്പിനിൽ 1200 മെഗാവാട്ട്

(ഡി) കായംകുളം വൈദ്യുതി നിലയത്തിന്റെ രണ്ടാംഘട്ട വിപുലീകരണ പദ്ധതി വഴി 1050 മെഗാവാട്ട്

(ഇ) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള പദ്ധതി

(എഫ്) 10000 വീടുകളുടെ മേൽക്കൂരയിൽ 1 കിലോവാട്ടും അതിലധികം ശേഷിയുള്ള സൗരവൈദ്യുത പ്ലാന്റുകൾ സ്ഥാപിക്കുവാനും ഇവയിൽനിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി.-ക്ക് നൽകാനും ഉദ്ദേശിച്ചിട്ടുള്ള പദ്ധതി.

(ജി) 5 ചെറിയ ജലവൈദ്യുത പദ്ധതികളുടെ പട്ടിക ചുവടെ ചേർക്കുന്നു:

1. മാങ്കുളം	40 മെഗാവാട്ട്
2. അപ്പർ കല്ലാർ	2 മെഗാവാട്ട്
3. ഒലീക്കൽ	4.5 മെഗാവാട്ട്
4. പൂവാരംതോട്	2.7 മെഗാവാട്ട്
5. ചെമ്പുക്കടവ് III	6 മെഗാവാട്ട്
ആകെ	55.2 മെഗാവാട്ട്

3. 2013-14 ബഡ്ജറ്റ് :

ഭൂതത്താൻകെട്ട്, ചാത്തൻകോട്ടുനട, കല്ലാർ, അരിപ്പാറ, വാളൻതോട്, മാരിപ്പുഴ, തോണിയാർ, തൊമ്മനംകുത്ത് തുടങ്ങിയ ജലവൈദ്യുത പദ്ധതികൾ.

4. 2014-15 ബഡ്ജറ്റ് :

(എ) സബ്സ്റ്റേഷനുകളുടെയും പവർഹൗസുകളുടെയും പരിസരത്ത് ഒഴിഞ്ഞ് കിടക്കുന്ന സ്ഥലങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് 60 മെഗാവാട്ട് ഉത്പാദിപ്പിക്കുക.

(ബി) ബ്രഹ്മപുരത്ത് കെ.എസ്.ഇ.ബി.-യുടെ 1026 മെഗാവാട്ട് വാതകാധിഷ്ഠിത പദ്ധതി.

(സി) പുതുവൈപ്പിനിൽ കെ.എസ്.ഇ.ബി.-പെട്രോനെറ്റ് എന്നിവയുടെ സംയുക്ത സംരംഭമായ 1200 മെഗാവാട്ട് പദ്ധതി.

(ഡി) കായംകുളം എൻ.ടി.പി.സി. നിലയത്തിൽ നാഫ്ത യൂണിറ്റുകളെ പ്രകൃതി വാതക യൂണിറ്റുകളാക്കി മാറ്റുന്നതുൾപ്പെടെ വിപുലീകരണ പദ്ധതി 1050 മെഗാവാട്ട്.

(ഇ) കൊച്ചി റിഫൈനറിയിൽ നിന്നുള്ള പെറ്റ്കോക്ക് ഉപയോഗിച്ച് 500 മെഗാവാട്ടിന്റെ വൈദ്യുത നിലയം കൊച്ചിയിൽ.

(എഫ്) 111.2 മെഗാവാട്ട് ശേഷിയുള്ള ജലവൈദ്യുത പദ്ധതികളുടെ പട്ടിക ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

1. ഒലീക്കൽ	4.5 മെഗാവാട്ട്
2. പൂവാരംതോട്	2.7 മെഗാവാട്ട്
3. മാങ്കുളം	40 മെഗാവാട്ട്
4. ചിന്നാർ	24 മെഗാവാട്ട്
5. പെരുവണ്ണാമൂഴി	6 മെഗാവാട്ട്
6. പഴശ്ശി സാഗർ	15 മെഗാവാട്ട്
7. അരിപ്പാറ	3 മെഗാവാട്ട്
8. ഭൂതത്താൻകെട്ട്	16 മെഗാവാട്ട്
ആകെ	111.2 മെഗാവാട്ട്

(ജി) NTPC-യുടെ സഹായത്തോടെ 200 മെഗാവാട്ട് ശേഷിയുള്ള കാറ്റാടി പാടം.

(എച്ച്) 22 മെഗാവാട്ട് ശേഷിയുള്ള കാറ്റാടി പാടം കഞ്ചിക്കോട്

(ഐ) കാറ്റിൽ നിന്നുള്ള വൈദ്യുതി ഉത്പാദനം 100 മെഗാവാട്ട് ആയി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി

5. 2015-16 ബഡ്ജറ്റ് :

(എ) കെ.എസ്.ഇ.ബി.-യും കെ.എസ്.ഐ.ഡി.സി.-യും സംയുക്ത സംരംഭമായി ചീമേനിയിൽ ആരംഭിക്കുന്ന കൽക്കരി അധിഷ്ഠിത വൈദ്യുത നിലയം.

(ബി) പെറ്റ്കോക്ക് അടിസ്ഥാനമായ വൈദ്യുത നിലയം കൊച്ചിയിൽ

(സി) പെരുവണ്ണാമൂഴി, അപ്പർ ചെങ്കുളം പദ്ധതി, ലാൻഡ്രും തുടങ്ങിയ ജല വൈദ്യുതപദ്ധതികൾ

കാറ്റിൽ നിന്നും വൈദ്യുത ഉത്പാദനം ലക്ഷ്യമിട്ടിരുന്ന പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

ഭരണാനുമതി ലഭിച്ച താപവൈദ്യുത പദ്ധതികളുടെ പട്ടിക ചുവടെ ചേർക്കുന്നു :

1. ചീമേനിയിൽ എൽ.എൻ.ജി. ഉപയോഗിച്ച് 1200 മെഗാവാട്ടിന്റെ പദ്ധതി

2. ബ്രഹ്മപുരത്ത് കെ.എസ്.ഇ.ബി.-യുടെ 1026 മെഗാവാട്ട് വാതകാധിഷ്ഠിത പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വാതകാധിഷ്ഠിത പദ്ധതികൾ :

പ്രഖ്യാപിച്ചിരുന്ന വാതകാധിഷ്ഠിത പദ്ധതികളുമായി മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടില്ല. ആഭ്യന്തര പ്രകൃതി വാതകത്തിന്റെ ഉത്പാദനം പ്രതീക്ഷയ്ക്കൊത്ത് ഉയരാത്തതുകൊണ്ട് നടപ്പ് പദ്ധതി കാലയളവിൽ ആഭ്യന്തര പ്രകൃതിവാതക നിലയങ്ങൾ നടപ്പിലാക്കുന്നത് പരിഗണിക്കേണ്ടതില്ലെന്ന് കേന്ദ്ര ഊർജ്ജ മന്ത്രാലയം അറിയിച്ചു. ഇതിനു പുറമേ വാതക പൈപ്പ് ലൈൻ നിർമ്മാണവും പൂർത്തീകരിക്കേണ്ടതുണ്ട്.

കൊച്ചിയിൽ പ്രകൃതിവാതക ടെർമിനൽ പ്രവർത്തനം ആരംഭിച്ചെങ്കിലും ഇറക്കുമതി ചെയ്യുന്ന പ്രകൃതി വാതക വിലയിലെ അസ്ഥിരത ഇറക്കുമതി ചെയ്യുന്ന പ്രകൃതി വാതകം ഉപയോഗിച്ച് നിലയങ്ങൾ പ്രവർത്തിക്കുന്നതിന് തടസ്സമായി നിൽക്കുന്നു. ഇറക്കുമതി വാതകത്തിന്റെ വില അമേരിക്കൻ ഡോളറിൽ തീരുമാനിക്കപ്പെടുന്നതും അന്താരാഷ്ട്ര ക്രൂഡ് ഓയിലിന്റെ വിലയുമായി ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നതും ഇറക്കുമതിയിലെ അപ്രതീക്ഷിത മാറ്റങ്ങൾക്ക് കാരണമാകും. ഇക്കാരണങ്ങളാൽ ആഭ്യന്തര വാതകത്തെയും ഇറക്കുമതി ചെയ്യുന്ന പ്രകൃതി വാതകത്തെയും ആശ്രയിച്ചിട്ടുള്ള പദ്ധതികൾ എല്ലാംതന്നെ രാജ്യമൊട്ടാകെ സന്നിശ്ചാവസ്ഥയിലാണ്. നിലവിലുള്ള സാഹചര്യത്തിന് ഉടനടി മാറ്റം പ്രതീക്ഷിക്കാനാവില്ല. താങ്ങാവുന്ന വിലയിൽ വാതകം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ വാതകാധിഷ്ഠിത പദ്ധതികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ.

കൽക്കരി പാടങ്ങൾ അനുവദിക്കുന്നതിനായി കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പുതിയ നയത്തിന്റെ അടിസ്ഥാനത്തിൽ ബൈതരണി കൽക്കരി പാടം ഉൾപ്പെടെ ഒറീസ്സയിലെ മൂന്നു കൽക്കരിപ്പാടങ്ങൾ അനുവദിച്ച് കിട്ടുന്നതിനുവേണ്ടി കേന്ദ്രസർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

പെറ്റ്കോക്ക് ഉപയോഗിച്ചുള്ള 500 മെഗാവാട്ട് ശേഷിയുള്ള പദ്ധതിക്ക് FACT-ന്റെ കൈവശമുള്ള സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നൽകിയിരുന്ന 150 ഏക്കർ സ്ഥലം സംസ്ഥാനസർക്കാരിന് തിരികെ നൽകുന്നതിന് പ്രാരംഭമായി FACT-ന്റെ കൈവശ ഭൂമിയിന്മേൽ അവർക്ക് ഫ്രീ ഹോൾഡ് നൽകിക്കൊണ്ട് 7-5-2015-ൽ ഉത്തരവിറക്കിയിട്ടുണ്ട്. കൊച്ചി റിഫൈനറിയുമായി പെറ്റ്കോക്കിന്റെ വില സംബന്ധിക്കുന്ന ചർച്ചകൾ നടന്നുവരുന്നു. സ്വിസ്സ് ചലഞ്ച് മാതൃകയിൽ പദ്ധതി നടപ്പിലാക്കാൻ ഇൻകെൽ എന്ന കമ്പനിയിൽ നിന്നും ആദ്യ ഓഫർ ലഭിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരമേറ്റ ശേഷം വിവിധ ഘട്ടങ്ങളിലായി 12 ജലവൈദ്യുത പദ്ധതികൾ തുടങ്ങുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഈ 12 പദ്ധതികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ഒരു പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ബാക്കി പദ്ധതികളുടെ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാകാത്തതിനാൽ ടെണ്ടർ ചെയ്യുവാൻ സാധിച്ചില്ല. എന്നാൽ, നേരത്തെ പ്രഖ്യാപിച്ച 39.6 മെഗാവാട്ടിന്റെ 5 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ഇക്കാലയളവിൽ ആരംഭിച്ചിട്ടുണ്ട്. ഈ 5 പദ്ധതികളിൽ 2 എണ്ണം പ്രവർത്തനക്ഷമമായി. ഇതുമൂലം ആകെ 6 മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൂർത്തീകരിച്ച സൗരോർജ്ജ പദ്ധതി താഴെപ്പറയും വിധമാണ്:

	പദ്ധതിയുടെ പേര്	സ്ഥാപിതശേഷി
1.	കഞ്ചിക്കോട് (ഗ്രൗണ്ട് മൗണ്ടഡ്)	1.00
2.	ചാലയൂർ ആദിവാസി കോളനിയിലെ വീടുകളുടെ മേൽക്കൂരയിൽ	0.096
3.	പെരിങ്ങൽകുത്ത് പവർഹൗസിന്റെ മേൽക്കൂരയിൽ	0.050
	ആകെ	1.146 MW

സ്വകാര്യ സംരംഭകർ വഴി 23 ചെറുകിട ജലവൈദ്യുത പദ്ധതികൾ പുതുക്കിയ 2012-ലെ പോളിസി പ്രകാരം മത്സര ദർഘാസിലൂടെ സ്വകാര്യ മേഖലയിൽ IPP/CPP വിഭാഗത്തിലായി അനുവദിക്കുകയും ഇതിൽ 9 പദ്ധതികളുടെ രൂപരേഖ അംഗീകരിച്ച് പദ്ധതിയുടെ പണികൾ തുടങ്ങുവാൻ അനുവാദം കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഏകദേശം 100 MW ആണ് പദ്ധതികളുടെ ആകെ സ്ഥാപിതശേഷി. 64 പീക്കോജലവൈദ്യുത പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ പാരമ്പര്യേതര ഊർജ്ജ മന്ത്രാലയത്തിന്റെ (MNRE) ധനസഹായത്തോടെ (CFA) തുടങ്ങി കമ്മീഷൻ ചെയ്യുന്നതിന് സാധിച്ചിട്ടുണ്ട്. ഈ പദ്ധതി സമയബന്ധിതമായി വിജയകരമായി പൂർത്തിയായതിനാൽ MNRE-യുടെ അവാർഡും കരസ്ഥമാക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly